(ബി) ഉദിക്കുന്നില്ല.

വളന്തകാട് ഹരിജൻ കോളനി റോഡ്

1151 [2092] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളന്തകാട് ഹരിജൻ കോളനിയിൽ റോഡ് ഉണ്ടാക്കാനുള്ള നടപടി എത്ര ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് വേണ്ടി അയച്ചിട്ടുണ്ട്.

(ബി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രസ്തുത റോഡ് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

ഗുളികപ്പുഴ റോഡു നിർമ്മാണം

1152 [2093] ശ്രീ. കെ. മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ–പുറമേരി, വേളം എന്നീ പഞ്ചായത്തുകളിൽകൂടി കടന്നുപോകുന്ന കുളങ്ങരത്ത്–നുരുമ്പ് വഴി ഗുളികപ്പുഴ റോഡ് നിർമ്മാണം സംബന്ധിച്ച നടപടികൾ എവിടം വരെയായിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡ് ഫോർമേഷൻ പൂർത്തിയായിട്ടുണ്ട്. സോളിംഗിനും മെറ്റലിംഗിനും വേണ്ട ഓമറൽ ശേഖരിക്കൽ പുരോഗമിച്ചു വരുന്നു.

(ബി) ഈ സാമ്പത്തിക വർഷാവസാനത്തോടെ പണിപൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീനിവാസപുരം ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പരിഷ്കരണം

1153 [2094] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിലുൾപ്പെട്ടിട്ടുള്ള ചിറയിൻകീഴ് താലൂക്കിലെ വർക്കലയിലുള്ള ശ്രീനിവാസപുരം ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡിന്റെ പരിഷ്കരണം ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പണി 1987 ജനുവരിക്ക് മുൻപ് പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് പി. ഡബ്ലിയു. ഡി. റോഡല്ല. ജനറൽ സെക്ടർ സ്കീമിലുൾപ്പെട്ട ഈ പണിയുടെ 85,000 രൂപ വരുന്ന എസ്റ്റിമേറ്റ് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി ഡിസ്ട്രിക്ട് കളക്ടർക്ക് അയച്ചു കൊടുത്തിരുന്നു. എന്നാൽ ഫണ്ടിന്റെ അഭാവത്തിൽ ഈ ജോലി ചെയ്യാൻ നിർവ്വാഹമില്ലയെന്ന വിവരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഏ വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

ഇടക്കൊച്ചിമുതൽ തോപ്പുംപടിവരെ പുതിയ റോഡ് നിർമ്മിക്കാൻ നടപടി

1154 [2097] ശ്രീ. ടി. പി പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരാതിർത്തിയിൽ എൻ. എച്ച്. 47-ൽ ഇടക്കൊച്ചി മുതൽ തോപ്പുംപടിവരെയുള്ള റോഡ് വളരെ വീതികുറഞ്ഞതായതിനാൽ ഗതാഗതത്തിന് തടസ്സം ഉണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടക്കൊച്ചിമുതൽ തോപ്പുംപടിവരെ ഒരു പുതിയ റോഡ് നിർമ്മിക്കാനുണ്ടായിരുന്ന നിർദ്ദേശം ഉപേക്ഷിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പുതിയ റോഡ് നിർമ്മിക്കുവാൻ ഉടനടി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി നിർദ്ദേശം ഇതുവരെ പരിഗണനയിൽ വന്നിട്ടില്ല. എന്നാൽ കച്ചേരിപ്പടിയിലേയും പാമ്പായിമൂലയിലേയും കൊടുംവളവുകൾ നിവർക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) ഉദിക്കുന്നില്ല.

തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ. റോഡ് പണികൾ

1153 [2098] ശ്രീ. കെ. പങ്കജാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എം. എൽ. എ. റോഡ് പണികൾ മിക്കതിനും ഭരണാനുമതി നൽകാത്തതുകൊണ്ട് എല്ലാ വ്യവസ്ഥകളും പാലിക്കുന്ന റോഡുകളുടെ നിർമ്മാണമാരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോട്ടൂർ, മന്തിക്കുളം, പരുത്തിപ്പള്ളി റോഡിന്റെ എസ്റ്റിമേറ്റിന് ഗവൺമെന്റ് അംഗീകാരം നൽകുവാൻ മടിയുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly